നെൽവയൽ നികത്തുന്നത് തടയാൻ നടപടി

150 (1205) ശ്രീ. എം. ദാസൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) നെൽവയൽ മണ്ണിട്ട് നികത്തുന്നത് തടയുന്നതിനായി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചതെന്ന് വിശദമാക്കുമോ ;

(ബി) ഇതുമായി ബന്ധപ്പെട്ട് സർക്കാർ പുറപ്പെടുവിച്ച ഉത്തരവുകൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ ?

ഉത്തരം

(എ) കെ.എൽ.യു. ഉത്തരവ് 67 പ്രകാരം അനധികൃത തരം മാറ്റത്തിന് എതിരെ നടപടി സ്വീകരിക്കാൻ ബന്ധപ്പെട്ട് റവന്യൂ ഡിവിഷണൽ ഓഫീസർമാർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. ആയത് ആർ.ഡി.ഒ. മാർ യഥാസമയം നടപ്പിലാക്കുന്നുണ്ട്. 5-11-1999-ലെ 9911/എൻസിഎ3/99/കൃ.വ. നമ്പർ സർക്കുലർ പ്രകാരം കെ.എൽ.യു. ഉത്തരവ് കർശനമായി നടപ്പാക്കാനും ഉത്തരവ് ലംഘിക്കുന്നവർക്കെതിരെ എസൻഷ്യൽ കമ്മോഡിറ്റീസ് ആക്ട് പ്രകാരമുള്ള നടപടികൾ സ്വീകരിക്കാനും സർക്കാർ നിർദ്ദേശം നൽകിയിട്ടുണ്ട്.

(ബി) 1967-ലെ കെ.എൽ.യു. ഓർഡർ പ്രകാരമാണ് നിലം നികത്തുന്നതിനെതിരെ നടപടി സ്വീകരിച്ചുവരുന്നത്. ഗവൺമെന്റിന്റെ അനുവാദം കൂടാതെ ഇനി നിലംനികത്താൻ അനുമതി നല്കരുതെന്ന് 17-12-1997 ലെ 47165/എൻ.സി.എ3/97 നമ്പർ കത്ത് പ്രകാരം കർശന നിർദ്ദേശം നല്കിയിട്ടുണ്ട്. 5-11-1999 ലെ 9911/എൻസിഎ/99/കൃ.വ. നമ്പർ സർക്കുലർ പ്രകാരം കെ. എൽ. യു. ഉത്തരവ് ലംഘിക്കുന്നവർക്കെതിരെ എസൻഷ്യൽ കമ്മോഡിറ്റീസ് ആക്ട് പ്രകാരമുള്ള കർശന നടപടികൾ സ്വീകരിക്കാനും സർക്കാർ നിർദ്ദേശം നല്കിയിട്ടുണ്ട്.

മണ്ണൊലിപ്പ് തടയുന്നതിന് നടപടി

151 (1206) ശ്രീ. എൻ. കണ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മണ്ണൊലിപ്പു തടയുന്നതിന് സംസ്ഥാന സർക്കാർ കഴിഞ്ഞ സാമ്പത്തികവർഷം എത്ര സംഖ്യ ചെലവഴിച്ചു എന്നു വെളിപ്പെടുത്തുമോ ;

(ബി) മണ്ണൊലിപ്പു നിവാരണത്തിന് ഇപ്പോൾ ഉപയോഗിച്ചു വരുന്ന മാർഗ്ഗങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ ;

(സി) കുറഞ്ഞ ചെലവിൽ കൂടുതൽ സ്ഥലത്ത് മണ്ണൊലിപ്പ് തടയുന്നതിന് എന്തെങ്കിലും പുതിയ ടെക്നോളജി ആവിഷ്ക്കരിച്ചിട്ടുണ്ടോ ;

(ഡി) ഈ മേഖലയിൽ പ്രവർത്തിക്കുന്ന സർക്കാർ നിയന്ത്രണത്തിലുള്ള ശാസ്ത്ര സാങ്കേതിക സ്ഥാപനങ്ങൾ ഏതെല്ലാമാണ് ;

(ഇ) ഈ സ്ഥാപനങ്ങളുടെ പ്രവർത്തനങ്ങളുടെ വിശദാംശം വെളിപ്പെടുത്തുമോ ?

LIBRARY ARCHIVES Kerala Legislative Assembly